ളിൽനിന്ന് സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധന നടത്തി കുറ്റക്കാർക്കെതിരെ വ്യവസ്ഥാപിതമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

(ഇ) റേഞ്ച് ഓഫീസുകളിൽ എക്സൈസ് സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിച്ച് റെയിഞ്ചുകളുടെ പ്രവർത്തനം എൻഫോഴ്സ്മെന്റ് മാത്രമാക്കി പരിമിതപ്പെടുത്തി എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. 40 അസി. എക്സൈസ് ഇൻസ്പെക്ടർമാരുടെ തസ്തിക സൃഷ്ടിച്ച് എല്ലാ റെയിഞ്ചുകളിലും നിയമനം നടത്തിയിട്ടുണ്ട്. സാമ്പത്തിക പരാധീനതകൾ ഉണ്ടെങ്കിലും എല്ലാ റെയിഞ്ച് ഓഫീസുകളിലും സർക്കിൾ ഓഫീസുകളിലും ടെലിഫോൺ സൗകര്യവും വാഹനങ്ങളുടെ ലഭ്യതയും ഉറപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) ഇതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. മിന്നൽ പരിശോധനാ സംപ്രദായവും എക്സൈസ് സ്പെഷ്യൽ സ്കാഡിന്റെയും എക്സൈസ് വിജിലൻസ് വിംഗിന്റെയും പ്രവർത്തനങ്ങളും ഊർജ്ജിതമായി നടക്കുന്നുണ്ട്.

ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം

56 (1879) ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. എം. മുരളി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം ഇൻഡ്യൻ നിർമ്മിത വിദേശമദ്യം ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകളുണ്ട്;

(ബി) ഇവയുടെ മൊത്തം ഉൽപ്പാദനശേഷിയും പ്രതിശീർഷ ഉൽപ്പാദനശേഷിയും എത്രയാണ്;

(സി) സംസ്ഥാനത്തേയ്ക്ക് 1998-99-ൽ ഇറക്കുമതി ചെയ്ത ഇൻഡ്യൻ നിർമ്മിത വിദേശമദ്യം എത്രയാണ്;

(ഡി) പ്രസ്തുത വർഷം എത്രമാത്രം വ്യാജമദ്യം സംസ്ഥാനത്ത് വീണിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു;

(ഇ) ഇൻഡ്യൻ നിർമ്മിത വിദേശമദ്യം ഉൽപ്പാദിപ്പിക്കുന്നതിനുള്ള സംസ്ഥാനത്തെ യൂണിറ്റുകളുടെ ഉൽപ്പാദനശേഷി മുഴുവൻ ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന വിദേശ മദ്യവും ഇറക്കുമതി ചെയ്തിട്ടുള്ള വിദേശമദ്യവും വിൽക്കപ്പെട്ടിട്ടുള്ള വ്യാജമദ്യവുംകൂടി ചേരുമ്പോൾ പ്രസ്തുത വർഷം സംസ്ഥാനത്ത് പ്രതിശീർഷ മദ്യ ഉപഭോഗത്തിന്റെ അളവ് എത്രയാണ്;

(എഫ്) 1998-99-ൽ മദ്യത്തിന്റെ ഉപഭോഗത്തിനായി സംസ്ഥാനം ഒട്ടാകെ എന്തു തുക ചെലവഴിച്ചിട്ടുള്ളതായി കണക്കാക്കപ്പെടുന്നു;

(ജി) മദ്യത്തിനുവേണ്ടി പ്രസ്തുത വർഷത്തെ പ്രതിശീർഷ ചെലവ് എത്രയായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ ഇൻഡ്യൻ നിർമ്മിത വിദേശമദ്യം ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകളുടെ പേരു വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) 1500069 കെയ്സ്

(ഡി) സംസ്ഥാനത്ത് വിറ്റ വ്യാജമദ്യത്തിന്റെ കണക്ക് ലഭ്യമല്ല.

(ഇ) സംസ്ഥാനത്ത് വിറ്റ വ്യാജ മദ്യത്തിന്റെ കണക്ക് ലഭ്യമല്ലാത്തതിനാൽ അതുൾപ്പെട്ട പ്രതിശീർഷമദ്യ ഉപഭോഗത്തിന്റെ അളവ് എത്രയെന്ന് കണക്കാക്കാൻ കഴിയുകയില്ല.

(എഫ്) കെ.എസ്.ബി.സി.യുടെ വെയർ ഹൗസുകൾ വഴി 1998-99-ൽ 1113.32 കോടി രൂപയുടെ മദ്യം വിറ്റിട്ടുണ്ട്.

(ജി) കണക്കാക്കുക പ്രായോഗികമല്ല.

പുതിയ ബാർ ലൈസൻസ്

57 (1880)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ബാർ ലൈസൻസ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം; ആർക്കെല്ലാം; എവിടെയെല്ലാമാണ് നൽകിയത്;

(ബി) പുതിയതായി ഇനിയും ബാർ ലൈസൻസ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഡിസ്റ്റിലറികൾക്ക് അനുമതി നൽകിയിട്ടുണ്ട്; എവിടെയെല്ലാം; ആർക്കെല്ലാം ആണ് നൽകിയത്;

(ഡി) പ്രസ്തുത ഡിസ്റ്റിലറികളിൽ ഏതെല്ലാം വിദേശമദ്യങ്ങൾ ഉല്പാദിപ്പിക്കുന്നു;

(ഇ) 1995-96, 1996-97, 1997-98, 1998-99 സാമ്പത്തിക വർഷങ്ങളിൽ വിദേശമദ്യ വിൽപ്പനയിൽനിന്നും സെയിൽസ് ടാക്സ് ഇനത്തിൽ ഖജനാവിൽ എത്ര കോടി രൂപയുടെ വരുമാനം ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 14 എണ്ണം വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) നിലവിലുള്ള നിയമപ്രകാരം അപേക്ഷകന് യോഗ്യതയുണ്ടെങ്കിൽ ലൈസൻസ് നൽകുന്നതാണ്.

(സി) പാലക്കാട് അൺകെമിക്കൽസിന് ഇൻഡസ്ട്രിയിൽ ആൾക്കഹോൾ നിർമ്മിക്കുന്നതിന് സർക്കാർ 29.7.96-ൽ അനുമതി നൽകുകയുണ്ടായി.

---

† അനുബന്ധം IV

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly